LIBRARY ARCHIVES Kerala Legislative Assembly

കന്ദമംഗലം അമ്പുമ്മൽ കോളനിയെ സ്വയം പര്യാപ്ത പട്ടികജാതി കോളനിയിൽ ഉൾപ്പെടുത്താൻ നടപടി

270(4556) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ കന്ദമംഗലം നിയോജക മണ്ഡലത്തിലെ അമ്പുമ്മൽ കോളനിയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിത്തള്ളാൻ പദ്ധതി

271(4557) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര തുക വരെയാണ് എഴുതിതള്ളാൻ തീരുമാനിച്ചിട്ടുള്ളത്; ഏത് വർഷം വരെയുള്ള വായ്പയ്ക്കാണ് ഇത് ബാധകമാകുന്നത്;

(ബി) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്; റവന്യൂ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾവഴി എടുത്ത കടമാണ് എഴുതിത്തള്ളുന്നത്;

(ഡി) എഴുതിത്തള്ളുന്ന സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് മേൽ ഉദ്ധരിച്ച വർഷങ്ങളിൽ കൊടുത്തിട്ടുള്ളത്;

(ഇ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിത്തള്ളുന്നതിനുള്ള പദ്ധതി പ്രകാരം സർക്കാരിൽനിന്നും പണം ലഭ്യമായ ധനകാര്യ സ്ഥാപനങ്ങൾ അവർക്ക് ലഭ്യമായ ഫണ്ട് ഗുണഭോക്താക്കൾക്ക് കൊടുത്തിട്ടുണ്ടോ; ഏതെങ്കിലും ഒരു വർഷം ഇത് റിവ്യൂ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) 12-11-2009-ലെ സ.ഉ. (പി) നമ്പർ 100/09/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000/- രൂപയിൽ താഴെയുള്ള വായ്പകളുടെ കുടിശ്ശിക എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം പരമാവധി ലഭിക്കുന്നതിനായി പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായതുമായ 50,000/- രൂപവരെയുള്ള വായ്പകൾ മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 10-12-2013 ലെ സ.ഉ. (പി) 99/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത വർഷങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ, വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഖാദി ഗ്രാമവ്യവസായ ബോർഡ്, വാണിജ്യ വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് വകുപ്പിൽ നിന്നും തുക അനുവദിച്ചു നൽകിയിരുന്നു. ഇവയിൽ സഹകരണ സംഘം രജിസ്ട്രാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഒഴികെയുള്ള സ്ഥാപനങ്ങളിൽ മേൽ വർഷങ്ങളിൽ പദ്ധതിയുടെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ റവന്യൂ ജില്ല തിരിച്ചുള്ള കണക്ക് അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.* പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സംഘം രജിസ്ട്രാർ എന്നിവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതിക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ള കടങ്ങളാണ് 12-11-2009-ലെ സ.ഉ. (അച്ചടി) നമ്പർ 100/2009/പ.ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എഴുതി തള്ളിയത്. 10-3-2013-ലെ സ.ഉ. (അച്ചടി) 99/13/പജപവവിവ/നമ്പർ ഉത്തരവ് പ്രകാരമുള്ള കടം എഴുതിത്തള്ളൽ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ച് നൽകിയത് ഈ വിഭാഗക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കാണ്.

(ഡി) ഇതിലേയ്ക്കായി 2011-2012 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 9,651 രൂപ ചെലവഴിച്ചു. 2013-2014, 2014-2015 വർഷങ്ങളിൽ ടി പദ്ധതികൾക്കായി യാതൊരു വകയിരുത്തിയിരുന്നില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ടി യാതൊരു കണ്ടെത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ വിവരിക്കുന്ന പ്രകാരം യാതൊരു വായ്പ എഴുതിത്തള്ളൽ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

2011- 2012	-	9,651/-
2013-2014	-	17,89,02,566/-
2014-2015	-	12,33,00,000/-
ആകെ		3022.122 ലക്ഷം രൂപ

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം

272 (4558) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നും ഇതിൽ 2014-'15 വർഷം എത്ര വീടുകൾ കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(ബി) ഭവന നിർമ്മാണത്തിനുള്ള ധനസഹായം വീട് ഒന്നിന് 3 ലക്ഷം രൂപയാക്കിയതിനുശേഷം എത്ര വീടുകൾക്കാണ് യാതൊരു കൊടുത്തിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly